## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 315

19.02.2013-ൽ മറുപടിയ്ക്ക്.

### ചെക്ക് ഡാമുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ആർ.സെൽവരാജ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങൾക്കുള്ള കുടിവെള്ളത്തിനായി വനങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം; | (എ) ഉണ്ട്. ജലലഭ്യത ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര സർക്കാരിന്റേയും വിവിധ പദ്ധതികൾ മുഖേന ഫണ്ട് ലഭ്യമാക്കി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ Compensatory Afforestation Fund Management and Planning Authority (CAMPA) മുഖേനയും ഫണ്ട് ലഭ്യമാക്കി വനത്തിനുള്ളിൽ തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ അടുത്ത കാലത്തായി സംസ്ഥാനത്തിലെ വനങ്ങളിൽ വ്യാപകമായി നടപ്പിലാക്കി വരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ 26 തടയണകൾ നിർമ്മിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന 50 തടയണകളിൽ, ഇതിനകം 22 എണ്ണം പൂർത്തീകരിച്ചു. 2013-14 സാമ്പത്തിക വർഷം 100 തടയണകൾ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ വിദേശ സാമ്പത്തിക സഹായ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് ലഭ്യമാക്കി 4 വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ട 560 (അഞ്ഞൂറ്റി അറുപത്) കോടി രൂപ അടങ്കൽ തുക വരുന്ന ഒരു സംയോജിത തണ്ണീർത്തട വികസന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | (ബി) പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് ലഭ്യമാകുന്നത് താഴെ പറയുന്ന സ്രോതസ്സുകളിൽ നിന്നുമാണ്.<br>1. സംസ്ഥാന പദ്ധതികൾ<br>2. കേന്ദ്രാവിഷ്കൃത പദ്ധതികൾ.<br>3. CAMPA |

എല്ലാ വർഷവും പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ CAMPA ഫണ്ടും ലഭ്യമാക്കി ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇത്തരം പദ്ധതികൾക്ക് വിദേശ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ശ്രമങ്ങളും നടത്തി വരുന്നു.

(സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

(സി) ലഭ്യമായ സ്രോതസ്സുകൾ എല്ലാം ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ വനങ്ങളിൽ വ്യാപകമായി ചെക്ക് ഡാമുകളും കുളങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികളാണ് വനം വകുപ്പ് നടത്തി വരുന്നത്. ഇതോടൊപ്പം വിദേശ സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള നാല് വർഷം കൊണ്ട് നടപ്പിലാക്കേണ്ട 560 കോടി രൂപയുടെ ഒരു പദ്ധതിയും വനം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.